# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4201** **24.06.2019 ലെ മറുപടി**

## ജലവിഭവ പ്രവൃത്തികളിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.സി.കൃഷ്ണൻ:** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കരിങ്കുഴി വി.സി.ബി.(വെന്റഡ് ക്രോസ്സ് ബാർ ) നിർമ്മാണ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുന്ന നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) പയ്യന്നൂർ മണ്ഡലത്തിലെ ടി പ്രവൃത്തിക്ക് 95 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഭരണാനുമതി നല്കിയ കാലയളവിനോട നുബന്ധിച്ച് തന്നെ തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാലാണ് പ്രവൃത്തിയുടെ തുടർ നടപടികൾക്ക് കാലതാമസം നേരിട്ടത്. ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ജലവിഭവ വകുപ്പിന്റെ കീഴിൽ ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികളുടെ സാങ്കേതികാനുമതിയും, ടെണ്ടർ നടപടികളും അനിശ്ചിതമായി നീണ്ടുപോകുന്ന പ്രവണത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ബി) ഉണ്ട്. ജലവിഭവ വകുപ്പിൽ ഭരണാനുമതി നല്കിയ പ്രവൃത്തികളുടെ തുടർനടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി . ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശങ്ങൾ നല്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു. |

**സെക്ഷൻ ഓഫീസർ**